# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2089 18.07.2016 ൽ മറുപടിക്ക്**

## ഗ്രാവലിന്റെ മാർക്കറ്റ് റേറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.തോമസ് ചാണ്ടി** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഗ്രാവലിന് മാർക്കറ്റ് റേറ്റ് ലഭ്യമാകാത്തതുമൂലം കുട്ടനാട്ടിലെ പൊതുമരാമത്ത് പ്രവൃത്തികൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) ഉണ്ട്. ഗ്രാവലിന് മാർക്കറ്റ് റേറ്റ് അനുവദിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) ഗ്രാവലിന് മാർക്കറ്റ് റേറ്റ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | |
| സി) കുടനാട്ടിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഗ്രാവലിന് മാർക്കറ്റ് റേറ്റ് നൽകാത്തതുമൂലം മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) കുട്ടനാട്ടിലെ താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികളാണ് ഗ്രാവലിന് മാർക്കറ്റ് റേറ്റ് നൽകാത്തതുമൂലം മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.<br>1. ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ കാരേക്കാട് ഗവ. എൽ പി എസ് മുതൽ കുന്നിൽ തോരിറമ്പു വരെയുള്ള റോഡിന്റെ നിർമ്മാണം<br>2. ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പരിപാലനം ODR 2015-16-പുളിങ്കുന്ന് നിരത്തുവിഭാഗത്തിനു കീഴിലുള്ള വിവിധ റോഡുകളുടെ നവീകരണം.<br>3. കാവാലം ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് റോഡു മുതൽ വിശ്വകർമ്മ ക്ഷേത്രം വരെ ഒന്നാം റീച്ചിന്റെ നിർമ്മാണം<br>4. നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് റോഡിൽ ചക്കച്ചംപക്ക ജംഗ്ഷൻ മുതൽ കവലയിൽ കടവ് വരെ ഒന്നാം റീച്ചിന്റെ നിർമ്മാണം<br>5. കണ്ടംങ്കരി - നെടുമുടി - ഉമ്പുക്കാട്ടുവരമ്പിനകം - കായൽപ്പുറം - കണ്ണാടി റോഡിന്റെ നിർമ്മാണം.<br>6. പൂകൈത്ത് ആറ്റുതീരത്തിലേക്കുള്ള നെടുമുടി പഞ്ചായത്ത് ഓഫീസ് റോഡിന്റെ നവീകരണം |

സെക്ഷൻ ഓഫീസർ